
# കർക്കിടകവാവ്

ലളിതാ ലെനിൻ



# കർക്കിടകവാവു്

ലളിതാ ലെനിൻ

SAYAHNA FOUNDATION

**Karkitakavāvu** (കർക്കിടകവാവ്)
(Malayalam: poems)
Lalitha Lenin

Sayahna digital edition published in 2022.

Copyright © 2022, Lalitha Lenin

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Le cheval sur le chemin* (1889), an oil on canvas painting by Paul Gauguin (1848–1903). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ജാലകം | 1 |
| 2 | ബന്ധനം | 3 |
| 3 | അന്യ | 7 |
| 4 | കർക്കിടകവാവ് | 10 |
| 5 | വേരുകൾ | 14 |
| 6 | ദ്രൗപദി | 16 |
| 7 | അമ്മയാവുക | 19 |
| 8 | വീണ്ടും കണ്ടപ്പോൾ | 22 |
| 9 | ആരാണോ വന്നത് | 24 |
| 10 | ദർശനം | 26 |
| 11 | ഗ്രീഷ്മസ്ഫുലിംഗങ്ങൾ | 29 |
| 12 | അംഗുലീയം | 31 |
| 13 | മണ്ഡോദരി | 33 |
| 14 | എന്റെ വീണ | 35 |
| 15 | പൂവിളി | 38 |
| 16 | പരുന്ത് | 41 |
| 17 | വാടകവീട്ട് | 45 |
| 18 | ചിറകടി | 47 |
| 19 | അഭിമുഖം | 49 |
| 20 | ശിശിരസ്മൃതി | 51 |
| 21 | അണയാത്ത ചിതകൾ | 53 |
| 22 | കനലുകൾ | 55 |
| 23 | ഭയം | 57 |

V

24 കരിമ്പാറ . . . . . 60

— 1 —

# ജാലകം

ഈയൊറ്റ ജാലകം മാത്രം
അമ്മേ, അടക്കല്ലൊരിക്കലും!

അന്ധകാരത്തിൽ,
കൊടുങ്കാറ്റിൻ
ഭ്രാന്തൻചങ്ങല തുള്ളുമ്പോൾ,
പാപച്ചൂടലയാളുമ്പോൾ,
തുറന്നുതന്നെ കിടക്കട്ടേ!

കുടിക്കാൻ കോപ്പയിൽ വിങ്ങും
കറുത്തപുകയാണെങ്കിലും
ഒരിറ്റുകണ്ണീർ വീണു
കലങ്ങിക്കയ്ച്ചിറങ്ങട്ടേ!

കടംകഥകൾ ചുഴിയിട്ട
മഹാസാഗരമൗനമേ
സദാധ്യാനമുദ്രയൊന്നീ
നെഞ്ചിൽ വിളക്കു വയ്ക്കട്ടേ!

ഹരിതസ്പന്ദമായ് വന്നീ
കരിഞ്ഞചില്ലയിൽ മേവുക,
സാന്ദ്രമർമ്മരമായെന്നെ
കവിളിൽ തട്ടിയുണർത്തുക!

കാഴ്ചയ്ക്കും തേറും
കാപട്യങ്ങൾക്കുമപ്പുറം
ആരണ്യ ഗർഭത്തിലൂടെന്നെ

കൈപിടിച്ച നടത്തുക!

അമ്മയാം പ്രകൃതി, നീതന്നെ
ഗുരുവായ്, സനാഥയാക്കുക,
ഈയൊറ്റജാലകം മാത്രം
അമ്മേ, അടയ്ക്കല്ലൊരിക്കലും.

(1995)

— 2 —

## ബന്ധനം

രാമായണം ചൊല്ലി രാക്കിളി
ശ്യാമയാമങ്ങളെപ്പാടിയുറക്കീ,
പരാഗശിരോവസ്ത്രമൂർന്നു
വിദൂരരസാലവനങ്ങളുറങ്ങീ,
നിശാരവമൊക്കെയടങ്ങീ,
അതീന്ദ്രിയമൗനം നിറഞ്ഞൂ!

ഏകാന്തമെൻമുറിക്കുള്ളിൽ
പകൽപെറ്റചൂടും
പകയും തണുത്തു,
പതുക്കെപടർന്നുവന്നേതോ
പൊടിച്ചാറ്റലെന്നെ
ക്കുളിരായ് പൊതിഞ്ഞു!

അവ്യക്തമാരോകടന്നു
തന്നഞ്ജനപ്പേടകമൊന്നു തുറ-
ന്നബോധത്തിന്റെ സൗരഭ്യമാകെ-
ത്തെളിച്ചു, നിഗൂഢമാം
മുൾമുനച്ചുണ്ടുകൾ വെട്ടിക്കടന്നുപോയ്!

പൊൻമുളം തണ്ടൊന്നു
പൊട്ടുന്നു, പൊട്ടിയ-
തൊട്ടുന്നൊരോമനച്ചുണ്ടതാ മൂളുന്നു,
രാഗം, ലയം, താളനിർവൃതി ചൂഴുന്ന
ശ്യാമളാകാരമൊന്നെത്തിനോക്കുന്നു,
പിൻവാതിലിനുള്ളിൽ പതുങ്ങുന്നു പിന്നെയും!

ഇന്നുഷഃകാലത്തു വൃശ്ചികക്കാറ്റൊത്തു
മുങ്ങിക്കുളിച്ചും മനംവിറച്ചും
നിൻ തിരുമുറ്റത്തു
വീണുവിളിച്ചിട്ടും
എന്നെപ്പുറംതിരിഞ്ഞോടിയ മായികാ,
ഇന്നീ ശിഥിലാർദ്രസ്വപ്നത്തിൽ
വന്നർദ്ധദർശനം നല്കുവാനെന്തേ?

കൈനീട്ടിയാവേദരാഗപ്രദീപ്തമാം
പാദാരവിന്ദംകൊതിച്ചീടവേ,
പീതാംബരംവീശിയോടുന്നു,
പാതയിൽപൊട്ടിച്ചിരിക്കുന്നു
നൂപുരങ്ങൾ!

പീലിത്തരികൾ പറന്നുവീഴുംവഴി,
കോലക്കുഴൽവിളിപാഞ്ഞുപോകുംവഴി,
നീലക്കരിമുകിൽത്തുണ്ടു മായുംവഴി,
കാറ്റിനോടൊപ്പംകിതച്ചുകാടെത്തി ഞാൻ.

ഊഞ്ഞാലിലാടുന്ന തത്തകൾ,
പച്ചിലജാലകം പറ്റിച്ചിലയ്ക്കും കുരുവികൾ,
ചെമ്പരത്തിക്കണ്ണുരുട്ടും ചകോരങ്ങൾ,
ഉന്മത്തമാടും മയൂരങ്ങളങ്ങനെ...
മഞ്ഞനീരാടിക്കുണുങ്ങുന്ന കൊന്നകൾ
തോറും തിരക്കിട്ടുമൂളുന്ന വണ്ടുകൾ,
കാതാട്ടി മസ്തകം മെല്ലെക്കുലുക്കി-
പ്പഴങ്കഥവിസ്തരിക്കുന്ന മത്തേഭങ്ങൾ,
കാനനവീഥികൾ നീളെത്തിമർത്തു
കളിക്കുന്ന പുള്ളിമാൻകുഞ്ഞുങ്ങളങ്ങനെ...
എങ്ങെന്റെകണ്ണ,നെൻ
കണ്ണുംമറച്ചു കടന്നുകളഞ്ഞൊരെൻ
കള്ളനെക്കാണ്മീല.
മുന്നോട്ടുമുന്നോട്ടു
കാൽവെച്ചുപോയൊരെൻ
പാതചുറ്റിപ്പിണ-
ഞ്ഞെന്നെക്കുഴക്കയായ്,
നീലിച്ചരാവിൻ

ഞൊറികളിൽ വാർന്നൊരാ
വേണുസംഗീതവും
തീരേ നിലച്ചുപോയ്!

കൊമ്പുകുലർപ്പിച്ച പദങ്ങളിൽ കോർക്കുന്ന
തീയും തണുപ്പുമുരച്ച പാഴ്മുള്ളുകൾ,
ശാപമോക്ഷത്തിനുദാഹിച്ചുരുൾപൊട്ടി
മണ്ണിൽപ്പുതഞ്ഞു കിടക്കുന്ന പാറകൾ,

ഏതോ ഗുഹാന്തരവാപിയിൽനിന്നു
കാറ്റുതിപ്പെരുപ്പിച്ച
ദൂരനിശ്വാസങ്ങൾ,
ആരുമി,ല്ലാരുമില്ലേകാന്തയാമിനീ
നീരാളിയെന്നെപ്പിടിച്ചുശിക്കുന്നുവോ?

കട്ടിക്കരിമ്പടംകൊണ്ടു പുതച്ച
വനം കടന്നെൻ വീട്ടിലെത്തുവതെങ്ങനെ?
കണ്ണനെത്തേടി കയറൂരിവന്നൊരീ
നന്ദിനിക്കെല്ലാം കടംകഥ മാത്രമായ്!
മഞ്ഞുവന്നെത്തി,
മരവുരിപിന്നിയ മാമരം
കോച്ചിവിറച്ചു,
ഞാനിറങ്ങും കാട്ടുപൊന്തയിൽ
സർപ്പഗന്ധങ്ങൾ പടംവിരിച്ചാടി,
ഞെട്ടിത്തിരികെ-
യിരുൾക്കിളിയെൻ മിഴി
കൊത്തിയെടുത്തുപറന്നു!

"കണ്ണാ!...", വിളിച്ചു ഞാൻ,
കേട്ടി,ല്ലൊരജ്ഞാത ഭീതിയെൻ
കണ്ണും ഞെരിക്കെ
വർഷത്തിലാഞ്ഞുവീശും
കൊടുംകാറ്റിലെൻ
ജാലകമാകെത്തെറിച്ചുതുറന്നുപോയ്,
നീളെ പളുങ്കുമണികൾ ചിതറി-
ക്കുതിർന്നൊരെൻ മെത്തയിൽ
ഞാനിരുന്നു...

അപ്പോൾ ചിരിക്കുന്നി-

താരിതെന്നുള്ളിൽ
തടംതല്ലിയാർക്കുന്ന കാളിന്ദിയിൽ?
നീലക്കടമ്പിന്റെ ചാഞ്ഞപൂഞ്ചില്ലയിൽ
ചാഞ്ചാട്ടമച്ചാരു പാദങ്ങളിൽ,
അമ്പയക്കല്ലേ നിഷാദ,
ഞാനാനന്ദമോട്ട
ചെന്നൊന്നു ബന്ധിച്ചിടട്ടേ!

(1995)

— 3 —

## അന്യ

ഏറെനാൾകഴിഞ്ഞിന്നു ദീർഘമാം പ്രവാസത്തി-
നോർമകൾ മുറിച്ചു ഞാനീവഴി നടക്കയാം,
ഉറക്കം തീർന്നാദ്യത്തെക്കോട്ടുവായിട്ടീടുന്നു
തിടുക്കം കാണിക്കാത്ത വീട്ടമ്മപോലെൻ ഗ്രാമം.

നിശ്ചലശ്യാമവ്യോമസാനുവിലുഷസ്സിന്റെ
പൊൻവിരൽതിരിനീട്ടിത്തിരയുന്നെന്തോ ചുറ്റും,
ഉച്ചലംകിതയ്ക്കുന്ന സാഗരം തീരംകേറി
എത്തിനോക്കുന്നു, പൊട്ടിച്ചിരിയായ്  തുളുമ്പുന്നു.

വൃശ്ചികം വൃക്ഷങ്ങളെത്തുമഞ്ഞുടുപ്പിക്കുമ്പോൾ
വ്രീളയാൽമുഖംചായ്ച്ചു കുലവാഴകൾ നിൽപ്പൂ,
അടക്കിച്ചിരിക്കുമീപ്പൊയ്കയിൽമുങ്ങിത്തോർത്തി
ചൂളമിട്ടോടിക്കേറിയെത്തുന്നു പുലർ കാറ്റും.
“വന്നു ഞാൻ!  തിരിച്ചിങ്ങുവന്നുഞാ, നുണരുവിൻ!”
എന്നു ഘോഷിക്കാനെന്റെ ഹൃദയം തുടിക്കുന്നു,
“ഓടിവന്നാശ്ലേഷിപ്പി, നോർമ്മകൾ കൈമാറുവിൻ,
എന്റെ ചുറ്റിലും തിങ്ങിക്കൂടുവിൻ, ചിരിക്കുവിൻ!
നരച്ച നഗരത്തിൻ പരുക്കൻ പ്രണയത്തിൽ
മനസ്സുംചെടിച്ചു ഞാനൊടുവിൽ തിരിച്ചെത്തി,
എന്റെകന്യകാസ്വപ്നമിവിടെത്തേന്മാവിന്റെ
കൈകളിൽകൊടുത്തതിന്നെനിക്കു വീണ്ടീടണം
എന്റെ കൊച്ചരിപ്പല്ലുവീണൊരീ മുറ്റം മുറ്റി
നിന്നുപുഞ്ചിരിക്കുന്ന തുമ്പപ്പൂവറുക്കുവാൻ,
എന്റെ കിങ്ങിണി, തള, പൊൻവളകിലുക്കങ്ങൾ

വെച്ച ഞാൻ മറന്നൊരാ താവളം തിരക്കുവാൻ,
ആർപ്പുമായെനിക്കൊപ്പം വരുവിൻ, വിരഹത്തിൽ
പാടമൂടിയ മിഴി തിരുമ്മിത്തുറക്കുവിൻ!"

മഞ്ഞുമേയുമീ പുഞ്ചപ്പാടങ്ങൾ കാണുന്നേരം
എന്റെയുള്ളിലും കതിർക്കുലകൾ ചാഞ്ചാടുന്നു
പട്ടിളംപുല്ലിൽ പാടവരമ്പിൽ പദംവയ്ക്കേ,
മൊട്ടിടും രോമാഞ്ചത്തിലാകവേ കുളിരുന്നു.
എന്റെ കൈശോരസ്വപ്നമടിവെച്ചൊരിപ്പാത,
യെന്റെകൗതുകം തിരിനീട്ടിയ പൂക്കൈതകൾ,
എത്രയെത്രയോ പൂർണ്ണവസന്തം തളിരുട്ടി
എന്റെ കോകിലംപാടിപ്പാറിയോരീയാകാശം
സ്നേഹമന്ത്രണംകൊണ്ടു സ്വാഗതംചൊല്ലുന്നീല!
എൻമുഖംകണ്ടിട്ടറിയാത്തമട്ടിലേ നില്പൂ!

ബസ്സിറങ്ങിയാൽ കരംനീട്ടുമീപാതയ്ക്കോരം
മൂക്കുത്തി വില്ലും കാട്ടുകൊങ്ങിണിച്ചെടികളും
കുന്നിവള്ളികൾ പടർന്നേറിയ കശുമാവിൻ
കുംഭഗോപുരംപൊങ്ങും കോട്ടകൊത്തളങ്ങളും
കുന്നിറക്കത്തിൽ പാതിപ്പൊന്തയിൽ മുഖംമറ-
ച്ചിളകിച്ചിരിച്ചോടിമാഞ്ഞിടുമിക്കൈത്തോടും
എന്നെയൊന്നിമപൊക്കിനോക്കുവാനൊരുങ്ങാതെ
എന്തിനോമുളംപടിമുഖത്താഞ്ഞടയ്ക്കുന്നു!
മിണ്ടിയാൽ കരയുന്ന ശംഖുപുഷ്പങ്ങൾ കണ്ടി-
ട്ടറിയുന്നീല, മിഴിപൂട്ടുന്നു തൊട്ടാവാടി,
മനസ്സിൽ കുശുമ്പുമായ് മാറിനിൽക്കുന്നു, കളി-
യാക്കുന്നു, പാളിപ്പാളിനോക്കുമീ കുളക്കോഴി!
പുലരിക്കതിരിന്റെയാദ്യസുസ്മിതം വഴി-
ഞ്ഞഴകിൽമിനുങ്ങിയ താഴികക്കുടുമയും
വെള്ളപൂശിയ പുത്തൻമതിലുംചുറ്റിത്തളിർ
വെറ്റില മുറുക്കിക്കൊണ്ടിരിപ്പൂ ശിവക്ഷേത്രം.
എന്റെ ഗ്രാമത്തിൻ പച്ചക്കുടയായ് നിവർന്നൊരീ-
യുത്സവക്കൊടിക്കൂറ പാറുമീയരയാലിൽ
പൊൻപണക്കിഴിയിട്ടുകിലുക്കി സദാ തമ്മിൽ
പന്തയം കെട്ടിക്കലഹിക്കുന്നു കുരുവികൾ.

ഞാനൊരാൾമാത്രം തീരെയന്യയായ്, വേലിക്കെട്ടിൽ

ചാരിനില്ക്കയാം വഴിതെറ്റിവന്നണഞ്ഞപോൽ,
എങ്ങനെ ചിരിച്ചൊന്നു പന്തിയിൽക്കേറും, തേഞ്ഞ
സൗഹൃദം കനംതൂങ്ങി പുരികംചുളിക്കുമ്പോൾ.

(1980)

— 4 —

## കർക്കിടകവാവ്

കള്ളക്കർക്കിടകത്തിൻ കരിമുടി-
യുമ്മറവാതിലിലാടുന്നു,
വെള്ളപ്പുടവ മടക്കിക്കൈത-
പ്പൂവിതളിട്ടവൾ പൂട്ടുന്നു.
തെറ്റിപ്പൂങ്കുല മുങ്ങിമദിച്ച
തുടിച്ചുകരേറാൻ തോന്നാതേ,
തുടുമിഴിയാൽ തൻ കടവിൽ നിന്നു
ഞൊടിച്ചുവിളിപ്പെൻ ബാല്യത്തെ...

കർക്കിടകത്തിൻ കരിവേഷം ക-
ണ്ടുള്ളു കലങ്ങീടുമ്പോഴും
കർക്കിടവാവിന്നോർമയിൽ ഞങ്ങൾ
മത്തുപിടിച്ചു നടന്നീടും.

നെല്ലറകല്ലറയെല്ലാം പൊന്മയ-
മാക്കിയ ഞങ്ങടെ മുത്തച്ഛൻ,
തറവാടിന്നുനടുത്തുണായി-
ത്തലമുറ വാർത്തൊരു മുത്തച്ഛൻ,
വർഷപ്പനിനീർവിശറിയുമാട്ടി-
യിറങ്ങിവരുന്നു വിരുന്നുണ്ണാൻ,
ചെറുപൈതങ്ങടെ പുഞ്ചിരിമുക്കി-
പ്പലഹാരങ്ങൾ രുചിച്ചീടാൻ!

കൊലവിളിയോട്ട കരിങ്കല്ലുകളെ-
ക്കട്ടുനിണമൂട്ടിയ മുത്തമ്മാൻ
കൂടെവരുന്നു, കുലപരദേവത

കുഞ്ഞുങ്ങൾക്കു ഭയാകാരൻ!

നിലവറമുക്കിലിരുട്ടുകുടിച്ചു
കറുത്തുകിടന്ന വിളക്കുകളെ
പുളിയിട്ടമ്മയുരച്ചുമിനുക്കി-
ക്കനകംപൂശിത്തിരിയിട്ടു.
കഷ്ടതമുറ്റിയ കർക്കിടകത്തെ
മുടിക്കുപിടിച്ചുപുറത്താക്കി,
മെഴുകിമിനുക്കിയ മച്ചിന്നുള്ളിൽ
ശ്രീഭഗവതിയെക്കുടിവെച്ചു.

മലരുകിടന്നുചിരിച്ചുകലുങ്ങി
കനലെരികേറ്റും പാത്രത്തിൽ,
നെയ്യപ്പത്തിൻ നറുമണമൊഴുകി
കദളിക്കുല പൊൻകസവിട്ടു.

തൊഴുകൈയാർന്നൊരു പൂക്കിലപോലെ
അമ്മ കുളിച്ചു ചമഞ്ഞെത്തി,
നാക്കില വെട്ടിനിരത്തി നാക്കിൽ
കൊതിയൂറിക്കും നൈവേദ്യം.
മൂക്കുമുറിച്ച കരിക്കും കദളി-
പ്പഴവും മല,രവി,ലരിയുണ്ട,
തേങ്ങാപ്പത്തിരി, ചെഞ്ചീരക്കറി
മുത്തച്ഛനുടെ പത്ഥ്യങ്ങൾ.
മുത്തമ്മാനോ, മത്തുപിടിക്കാൻ
മൂത്തുപുളിച്ച പഴങ്കള്ളും
കൂടെച്ചേർത്തു കഴിക്കാൻ കോഴി-
ക്കറിയും കൊഞ്ചും കരിമീനും.

ചെറുചിരി ചിന്നും മിഴിയോടച്ഛൻ
പിറകിൽ നിന്നതു നോക്കുന്നു
തിരികെപ്പോയിപ്പത്രമെടുത്ത-
ച്ചാരുകസേരയിലമരുന്നു.

പൂജ കഴിഞ്ഞു, മുറിചാരുന്നു-
ണ്ടീറനുടുത്തൊരു വല്യേട്ടൻ,
മുത്തച്ഛൻ വരുമിപ്പോഴെന്നൊരു
മധുരാസ്വാസ്ഥ്യം പടരുന്നു.

ഒരുവർഷത്തെക്കുഞ്ഞുവിഷാദം,
കുനുകുനുവെന്നു കുറിച്ചിട്ട,
കീറിയ സങ്കടഹരജി നിവർത്തി-
ജ്ജനൽവഴിയിട്ടു കുഞ്ഞേട്ടൻ.
ഇടവഴിവക്കിലിരുട്ടിൽത്തപ്പി-
ക്കർക്കിടകപ്പെണ്ണുഴലുമ്പോൾ
മുത്തച്ഛൻ വരവായെന്നാരോ
കാതിലടക്കം ചൊല്ലുന്നു,
ചെവിയോർക്കുന്നു കണ്ണുകൾ ചിമ്മി-
ച്ചുണ്ടുകൾകൂർപ്പിച്ചെല്ലാരും,
പ്രിയമേറുന്നോരാദ്യം നുകരും
പ്രിയജനഗന്ധം സവിധത്തിൽ.

കുനിക്കൂടി,ത്തൻവടികുത്തി,
ത്താളിലചൂടി വരുന്നുണ്ടേ
പെരുമഴയത്തുമിരമ്പും കാറ്റിൻ
കാവടിമറവിൽ മുത്തച്ഛൻ.
ആരാണാവോ മുന്നിൽ നടപ്പത്
മുത്തമ്മാനുടെ കുറുവടിയോ?
കല്പകവൃക്ഷപ്പൂങ്കുലപോലെ
മുത്തച്ഛനുടെ തൂക്കൈയോ?
മിന്നൽചിറകുലയുതുമ്പോഴാ
ചേമ്പില താഴ്ത്തിക്കുനിയുന്നോ?
ഒരുക്ഷണമാമുഖദർശനസൗഖ്യം
വാരിക്കോരി മുകർന്നോട്ടേ!

മെതിയടിയൊച്ചയടുത്തുവരുന്നു,
നൈവേദ്യങ്ങളനങ്ങുന്നു,
ഉള്ളിലൊതുക്കീട്ടാവാതെങ്ങോ
വാതിൽക്കീറിനു രോമാഞ്ചം
താക്കോൽപ്പഴുതിൽ മിഴി ചേർക്കുമ്പോൾ
തർക്കിക്കുന്നു ചെറിയമ്മ:
"മൂത്തമ്മാനിതു കണ്ടാൽ നിങ്ങടെ
കണ്ണിൽ സൂചിയെറിഞ്ഞീടും!"
വൈദ്യുതിയെറ്റംപോലെ ഞങ്ങൾ
പിറകോട്ടേക്കു തെറിക്കുന്നു,
മതിവരുവോളം കാരണവന്മാർ

കൊതിവിഭവങ്ങൾ ഭുജിക്കട്ടേ...

മഴയോടൊത്തവർ പോയപ്പോൾ ചെ-
ന്നമ്മ തുറന്നു മുറിവാതിൽ
ഒന്നുനുകർന്ന കരിക്കും നുള്ളിയ
മലരും തെളിവായ് ച്ചൂണ്ടുന്നു.
അതുകേട്ടരിയൊരു ചിരിയാൽ കവിളിൽ
തഴുകീട്ടച്ഛൻ ചോദിപ്പൂ:
"കണ്ടോ കൺമണി, നീയും നിന്നുടെ
കണ്ണാൽ, വന്നതു മുത്തച്ഛൻ?"
കണ്ടതുമുഴുവൻ ചൊല്ലാനാവാ-
തെൻ സങ്കൽപ്പം വിടരുന്നു:
"മെതിയടിയേറി, ച്ചേമ്പിലച്ചൂടി-
ത്താടിവെളുത്തൊരു മുത്തച്ഛൻ
കാണെക്കാണെയിരുട്ടിൽ പുഞ്ചിരി
തൂകിയൊളിച്ചതു കണ്ടേ ഞാൻ!"

(1978)

— 5 —

## വേരുകൾ

ചന്ദനക്കുറി വേർപ്പിലലിയേ,
മുല്ലപ്പൂവിൻ നിശ്വാസമെന്നെച്ചൂഴ്ന്ന
മെല്ലെയാനയിക്കവേ,
കണ്ണുകെട്ടിയമോഹവാജികൾ
തുള്ളിത്തുള്ളി നില്ക്കുമീ രഥത്തിലേ-
യ്ക്കാദ്യമായ്  കാലൂന്നവേ;

ഹൃത്തടം വിറയ്ക്കുന്നു,
തല്ലിയാർത്തിടും നീല-
സാഗരം മെല്ലത്തല-
ചായ്ക്കുന്ന തീരങ്ങളിൽ...

നേർത്തുനേർത്തെവിടേയ്ക്കോ
പോകുമീ സമാന്തര-
വീഥികൾ കടംകഥ
ചൊല്ലുവാനടുക്കുന്നു,
മന്ദമായ്  ചിറകൊട്ടിച്ചേരുമീ
മനോഹര ബന്ധനം കൂടെക്കൂടെ
മർമ്മരമുണർത്തുന്നു,
എങ്കിലും മയൂരമേ, നടനം മറന്നുവോ?

പിന്നിലേയ്ക്കൊരേയൊരു
നോട്ടമീ, ക്ഷിതിയുടെ
മാറിലേയ്ക്കടർന്നു വീ-
ണരുകും കണ്ണീർത്തുള്ളി
ശൈശവച്ചെപ്പിൽ വർണ-

പ്പീലികളടുക്കിക്കൊ-
ണ്ടാതിരനിലാവുപോൽ
പകലിൽ ലയിക്കുന്നു!
വെള്ളപൂശിയ മതിൽക്കെട്ടുകൾ,
തലയാട്ടി മൗനമായ് തേങ്ങും
മാവും പാരിജാതവും ചാരെ,
നിശ്ചലമിമവെട്ടാതോമന-
ക്കുഞ്ഞിൻ നടയെണ്ണി നിന്നിടും
ഘനഗംഭീരഗേഹം പിന്നിൽ!
വേരുകൾ പൊട്ടി, ച്ചോരവാലുന്നു,
ദിനരാത്രസഞ്ചയം പുതുമണ്ണിൽ
തേക്കുപാട്ടുകൾ പാടാം,
എങ്കിലും, പ്രാണശ്വാസ-
താളമാകുമീ സ്വന്ത-
ഗേഹത്തെ മറക്കുവ-
തെങ്ങനെ വധൂചിത്തം?

(1975)

— 6 —

## ദ്രൗപദി

ഇവിടെ, ദ്രുപദന്റെ കന്യതൻ
പൂഞ്ചായലും ചേലയുമധർമ്മത്തിൻ
ലജ്ജയറ്റൊരു കൈയിൽ,
ഇവിടെ, മിഴിതാഴ്ത്തി മൗനമാണ്ടിരിക്കുന്ന
ഭീഷ്മരും വിദുരരും
ധർമ്മപുത്രരുമില്ല,
ഇവിടേ, മിന്നൽപോലെ
നൂറ്റുനൂറ്റൊഴുകുന്ന
ചക്രപാണിതൻ വർണ്ണ
കഞ്ചുകച്ചുരുളില്ലാ,
ഇവിടേ, ദേവർപോലും
കൺമിഴിക്കോണാൽ രംഗ-
മാസ്വദിക്കുന്നു പിന്നെ-
ത്തൻ വഴി നടക്കുന്നു!

ദ്വാപരയുഗശ്യാമസന്ധിയിൽ
അമാവാസി മൂടിയോ-
രരുന്ധതീ വിളക്കായ്
അതികായരഞ്ചുപേർക്കരുമയാം
പെൺമണി വിലപിക്കേ,
ഒരു കയ്യുണർന്നീല, നാവുണർന്നീല,
സൂക്ഷ്മധർമ്മത്തിനതിഗൂഢരഥ്യകളറിയാത്ത
മന്ദരായ്  വിജ്ഞർപോലും
മരവിച്ചിരുന്നുപോയ്.
കുലവില്ലുണർത്തിയ

വീരശൃംഗാരത്തിന്റെ
മാറ്റൊലി നുകർന്നകം
പൂത്തുലഞ്ഞവൾ, പിന്നെ
അഞ്ചുപേർക്കൊരേ നെഞ്ചി-
ലഞ്ചിടും മണിയറ
പങ്കുവെച്ചവൾ, തുണ-
യറ്റുനിന്നുരുകുമ്പോൾ
ചൊടിക്കാൻ മടിക്കുന്ന
ധർമ്മമെന്തൊരു ധർമ്മം?
തടുക്കാൻ മടിക്കുന്ന
വീര്യമെന്തൊരു വീര്യം?

ഇന്നുമീധർമ്മത്തിന്റെ കന്മുഖം
കരിമിഴിനിറയുംനേരം
പുറംതിരിഞ്ഞേ ശയിക്കുന്നു,
ആരെയോ വിളിച്ചാർത്തു
കേഴട്ടെ ഹരിണികൾ
കാടെരിയുമ്പോഴെന്തു
നീതിസാരമെന്നാവാം!

ശക്തിയാണിവളത്രേ!
ധരയെപ്പോലെ ക്ഷമാ-
ശീലയാണിവളത്രേ!
അമ്മയാ,ണമൃതമാ-
ണുൺമയാ,ണിരുട്ടിലെ-
ത്തരിയാ,ണടയോനു
രമയാ,ണയിരാണ്
എങ്കിലും നിരാലംബ,
യെവിടെച്ചൂതാടിലും
പണയംപോകാനുള്ള
ധർമ്മഭീതയാമുരു!

കൈത്തലങ്ങളിൽ
ചക്രവാളങ്ങളൊതുക്കുവാൻ
വിപ്ലവം നയിക്കുവാ,
നിവളെ സഖിയാക്കും,
മത്സരങ്ങളിൽ, രണ-

ഭൂമിയി, ലിരുട്ടിന്റെ
താവളങ്ങളിൽവെച്ച
പുഴുവാക്കിടും പിന്നെ!

കാലമേ, യനുസ്യൂത-
മോടുമീ രഥത്തിന്റെ
കടിഞ്ഞാൺപിടിച്ചൊന്നു
പിൻതിരിഞ്ഞുണരുക,
നിന്റെയിച്ചവുട്ടടി-
ച്ചുറ്റിലുമിന്നും കൃഷ്ണ
കേണിരപ്പതുകണ്ടു
ഭേരികളടക്കുക!

ഇപ്പുതുനൂറ്റാണ്ടിന്റെ
ചുണ്ടിലെക്കടുംവിഷ-
പ്പുകയേറ്റവളതി
ശ്യാമയായ്, ഹതാശയായ്
ദ്യോവിൽനിന്നടർത്തിയ
മിഴിയാൽ മതികെട്ട
ഭൂമിയെ വിളിച്ചുള്ളി-
ലഭയം യാചിക്കുന്നു.

വിരിമാറുലച്ചുകൊ-
ണ്ടുഗ്രസാഗരംപോലെ,
ഉതിരംകൊതിച്ചുകൊ-
ണ്ടഗ്നിസായകംപോലെ,
ഇനിയുംവരാനിത്ര മടിയെ,
ന്തവതാരമെവിടെ? -ഇന്നും
കൃഷ്ണ കേണിരക്കുകയല്ലോ!

(1983)

— 7 —

## അമ്മയാവുക

അമ്മയാവുകയെത്ര വിഷമം!
കുഞ്ഞേ, നിന്റെ സ്വപ്നവർണ്ണങ്ങൾതൊട്ടു
നീ വരയ്ക്കുമീ ദേവരൂപമോലുക
എത്ര ദുഷ്കരം പൊന്നോമനേ!

ഉണരുന്നേരം ശയ്യക്കരികിൽ
കുളിച്ചീറൻവാർമുടി തുമ്പും കെട്ടി
കുളിരായ്  പതിഞ്ഞെത്തി,
കുഞ്ഞിളം തുനെറ്റിയിൽ
ഉമ്മവെ, ച്ചണയാത്ത
മന്ദസുസ്മേരം കൊണ്ടു കളഭം പുരട്ടുവാൻ,
അർദ്ധസുപ്തമാം
മൃദുപക്ഷ്മളോല്പലങ്ങളെ
തേൻമൊഴിത്തുമ്പാ-
ലുഴിഞ്ഞുണർത്തിജ്ജ്വലിപ്പിക്കാൻ
എങ്ങനെയമ്മയ്ക്കാകും
ദേവസംഗരങ്ങളിൽ
ഖാണ്ഡവം ദഹിക്കുമ്പോൾ?
തുവലിൽ തീയാളുമ്പോൾ?

വർഷധാത്രിയായ്, വരഗാത്രിയായ്
സദാനന്ദ മുഗ്ധമന്ത്രമായ്
നിന്നെപ്പുണരാൻ, നിന്നിൽപൂക്കും
സ്പന്ദനങ്ങളെ പ്രാണമരുത്താൽ
പൊതിഞ്ഞാത്മതപമാചരിക്കുവാൻ,

എങ്ങനെയമ്മയ്ക്കാകും
ചുറ്റിമീയടവികൾ
കത്തിനീറുമ്പോൾ?
ആർത്തനാദങ്ങളലയ്ക്കുമ്പോൾ?

അമ്മയാവുകയെത്രയെളുപ്പം
എന്നോർത്തു ഞാൻ
ബാലകൗതുകം തിരി-
നീട്ടിയ ദിനങ്ങളിൽ...

എത്രയോവട്ടം പാവ-
ക്കുഞ്ഞിനെപ്പാലൂട്ടിയും
തൊട്ടിലാട്ടിയും ചോറുംകറിയും
വിളമ്പിയിട്ടച്ഛനെയുണ്ണാൻവിളി-
ച്ചമ്മയായ്  കളിച്ചപ്പോൾ
അമ്മയാവുകയെത്രയെളുപ്പം
എന്നോർത്തു ഞാൻ!
കുഞ്ഞിനെക്കുളിപ്പിച്ചു
പട്ടുടുപ്പിടുവിച്ചും
കൊച്ചുകോൽവിറപ്പിച്ചു
പാഠങ്ങൾ പഠിപ്പിച്ചും
അഴലുന്നേരം നറുവെണ്ണയായ്  മാറി
മാറിലണച്ചു താരാട്ടിയും
അമൃതം നുകർന്നൊരാ
ശൈശവസ്വപ്നങ്ങളിൽ
അമ്മയാവുകയെത്രയെളുപ്പം
എന്നോർത്തു ഞാൻ!
അല്ലലില്ലിടക്കെത്തി-
യലട്ടും പനിയെന്ന്യേ,
ചന്ദനമരച്ചിളം
നെറ്റിയിൽ പുരട്ടണം
തുളസിക്കഷായവും
തഞ്ചത്തിൽ കുടിപ്പിച്ചു
മന്ദമായ് വീശിക്കഥ
പറഞ്ഞങ്ങുറക്കണം.

ആധിയി, ല്ലറിവിന്റെ ഭാരമി-

ല്ലന്യാധീനമായതില്ലമ്മയ്ക്കുറ്റ
മനസ്സിൻ താളങ്ങളും,
ഉണ്മതന്നരുളയ്ക്കായ് വായ്തുറക്കുമ്പോ-
ഴുണ്ണിക്കമ്മെയാവുക
എത്ര എളുപ്പം എന്നോർത്തു ഞാൻ!

വേനലാണിതു, സ്നേഹഭാവനകളെ
കരിമൊട്ടിലേ ഞെരിക്കുന്ന
കൺചുടുന്നൊരുകാലം
ഉയരും ഫണങ്ങളാ-
ലുദയംമറയ്ക്കുന്നതമസ്സിൻ
മഹായാനകാലമാണിതു കുഞ്ഞേ!

നിന്റെ നാവറിയുന്നീലമ്മിഞ്ഞ മധുരങ്ങൾ,
നിന്റെ പുസ്തകത്താളിലില്ലൊരുമയിൽപ്പീലി,
അക്ഷരക്കൊട്ടുംകാടിനസ്ഥിപഞ്ജരങ്ങളിൽ
ചത്തുവീഴുന്നു വിഷംതീണ്ടിയ
കപോതങ്ങൾ!

ഇന്ദ്രിയങ്ങളിൽ
കടംകൊണ്ട കാറ്റലറുമ്പോൾ,
ഇന്ദ്രജിത്താവാൻ കൊതി-
ച്ചായുധമെടുക്കുമ്പോൾ,
പേറ്റുനോവറിയുന്നോരമ്മതൻ
കണ്ണീരതിൽ
വീണുകത്തുമ്പോൾ
ആർത്തുചിരിപ്പൂ വേതാളങ്ങൾ!

അറിയില്ലയ്മ്മയ്ക്കുണ്ണീ
നിന്റെ നേർവഴിയേതെ-
ന്നെത്രനൂല്പാലങ്ങൾ നീയേറണം
ചതുരന്മാർ
തീർത്ത സങ്കീർണ്ണവ്യൂഹ-
ഭേദനം ചെയ്തീടണം.

ഇവിടെ നിനക്കൊരു
കൊടിയും തേരും വേണ-
മെന്നുഞാനാശിക്കുമ്പോ-
ഴാകവേ നടുങ്ങുന്നു!

(1995)

— 8 —

## വീണ്ടും കണ്ടപ്പോൾ

അമ്പലനടയിലെ അരയാൽത്തറയിൽ
ഒരുപിടിമുല്ലപ്പൂക്കൾ കിടന്നു...

അനുപമസുന്ദരധവളിമതൂകി
മുഗ്ധമനോഹരമന്ദസ്മിതമായ്
വെൺമുകിൽ തന്നുടെ വെള്ളിയലുക്കുകൾ
പൊട്ടിച്ചർച്ചന ചെയ്തതുപോലെ!

വാടിയതാണോ? കവിളിൽ കുങ്കമ-
സന്ധ്യകളൊന്നായണയുകയാണോ?
പരിഭവമാണോ? പ്രിയഭഗവാനുടെ
സ്മരണയിലുണരും ശോണിമയാണോ?

മകരക്കുളിരായിന്നെൻ നെറ്റിയിൽ
ചന്ദനമിട്ടു ചിരിച്ചവൾ തന്നെ
കൃഷ്ണൻ കോവിലിലർച്ചനചെയ്തൊരു
മൗക്തികമാല്യമതാണോ നിങ്ങൾ?

പുലരിയിലെന്നുടെ മുറ്റത്തെക്കട
മുല്ലത്തുമ്പിലുണർന്ന കിനാക്കൾ
ഹൃദയത്തിന്നിരുൾ മൂലയിലെല്ലാം
വെള്ളിവിളക്കു കൊളുത്തിയതില്ലേ?

എപ്പൊഴുതാണവർ വന്നത്? മുന്നം
കണ്ടിട്ടില്ലാ മാധവിയെന്നും
ഉരിയാടാത്തവൾ, കരപുടമൊന്നു
നിവർത്തിക്കാട്ടാൻ നാണിക്കുന്നോൾ!

നീണ്ടനിശീഥിനി മുഴുവനുമംബര-
വീഥിയിലെത്തിച്ചന്ദ്രികയൊഴുകിയ
മണ്ണിനെനോക്കി രാഗംപൂണ്ടൊരു
വിണ്ണിലെയപ്സരകന്യകളെല്ലാം

വെൺമേഘപ്പത പൂശിയൊരുങ്ങീ,
പുലരിപ്പൊന്നൊളിനൂലിലിറങ്ങീ,
ബാല്യത്തിൻ നറുമന്ദസ്മിതമായ്
മുല്ലച്ചോടിയിൽ വന്നു വിരിഞ്ഞോ?

തളിരിളവെയിലിൽ മിന്നുംപോലെ
നീളുന്നു നീൾവിരലുകൾ വിരവിൽ,
ഞെട്ടിയുണർന്നുവിലക്കീഞാ,'നവ
നുള്ളീടല്ലേ! നോവുകയില്ലേ?'

ഒട്ടുപകച്ചു, തിരിഞ്ഞവളാകെ-
ത്തട്ടിയുടച്ചു പളുങ്കിൻപാത്രം!
'എന്താണെൻ കവി പുഷ്പരഥത്തിൽ
പാഞ്ഞുമറഞ്ഞോ? ഭുവിതിലല്ലേ?'

മങ്ങിയ മന്ദസ്മേരവുമായ്
ഞെട്ടുകൾ ഞെരിയും മുല്ലപ്പൂവിൽ
കരളുപറിഞ്ഞെൻ പാതിവിടർന്നൊരു
കവിതയിരുന്നു വിതുമ്പീടുമ്പോൾ,
ആരും കാണാതൊരുഞൊടിയിടയിൽ
മിഴിമുനകൊണ്ടുവിളിച്ചുപറഞ്ഞോ?
സന്ധ്യയിലമ്പലനടയിൽ വരുമ്പോൾ
കാണാമെന്നെൻ ദേവതമാരേ?

(1967)

— 9 —

## ആരാണോ വന്നത്

ആരാണോ വന്നതു രാവിൽ?
ജാലകമറവിലുതിർന്നു
നേർത്തൊരു ചുടുനിശ്വാസം!
ആരാണോ നീലക്കരിമുകിൽ പോലെ
നിഴലായടിവെച്ചെന്നരികി-
ലിരുട്ടിൽ വന്നു വിതുമ്പാൻ വെമ്പി?

സ്വപ്നം! മധുരസ്വപ്നം മാത്രം
എന്നെച്ചൂഴ്ന്നുപുണർന്നെൻ കാതിൽ
ഞാനറിയാനായ്,
ഞാനറിയാതേ,
എന്തോ പലകുറി മന്ത്രിക്കുമ്പോൾ,
ആരാണോ വന്നത് രാവിൽ?
ജാലകമറവിലുതിർന്നു
നേർത്തൊരു ചുടുനിശ്വാസം!

കരളുണ്ടത് പൂവാ, ണിതളിൽ
നിറമില്ലനുരാഗവുമില്ലാ,
ചുടുചോരക്കറപറ്റീടും
തുമഞ്ഞലനിറമാംചുണ്ടിൽ
ഒരു ചലനം മാത്രം, മരണം
കടിവയ്ക്കും കാതരരൂപം!

നൂപുരമില്ലാ!
നാദവുമില്ലാ!
മൃതമാമൊരു പുളകസ്മൃതിപോൽ

ഇമയില്ലാത്താ നീൾമിഴിനീർത്തി
കഥയില്ലാത്തൊരു തേങ്ങൽ പോലെ
ഇരുളിലലിഞ്ഞു നടക്കും രൂപം!
ഇണതുണയില്ലാതലയും രൂപം!

പൊരിവെയിലിൻ ചൂളയിലൂടെ
വിരൽമുറിയും ചൊരിമഴയൂടെ
തിരികെട്ടവിളക്കും പേറി
കൊടുമലകൾ താണ്ടിയിറങ്ങി
പലവുരുവിപ്പടിവരെവന്നെൻ
പേരറിയാതിടറിയതാര്?

ഒരുനിമിഷം നിന്നവിതുമ്പാൻ
ഒരു തുള്ളിക്കണ്ണീരിന്നായ്
അന്നനിമിഷം വളരും ദാഹം
പരിവേഷം ചാർത്തിയമുഖമായ്
ആരാണോ വന്നത് രാവിൽ?
ജാലകമറവിലുതിർന്നൃ
നേർത്തൊരു ചുടുനിശ്വാസം!

എന്റെ വിളക്കൊളിമങ്ങി-
ത്തളിരായ് കാറ്റിൻ വിറയ്ക്കേ
കണ്ണീരൊക്കെക്കുമ്പിളിലാക്കി
കണ്ണുമടച്ചുകിടന്നതു ഞാനോ?

(1972)

— 10 —

# ദർശനം

വൃശ്ചികക്കാറ്റും കോടമകരക്കുളിർ മഞ്ഞും
പെയ്തുപെയ്താകെക്കോച്ചിനിൽക്കുമോരുഷസ്സിലും
അമ്പലമുറ്റത്തെന്തൊരാൾത്തിരക്കമ്മേ
തവതൃപ്പദംകൂപ്പിച്ചാഞ്ഞമിഴിയിൽ
തിരിനീട്ടിപ്പാഞ്ഞുപോകുന്നു
കാലവർഷത്തിന്നൊഴുക്കുപോൽ!

കാവിലെ പ്രദക്ഷിണവീഥിയിൽ നുരകുത്തി
നിർഗ്ഗളിക്കുമാ ഭക്തിഗംഗയിൽ പതിക്കവേ
കൂപ്പുവാൻ മറന്നമ്മേ,
പ്രാർത്ഥനാമന്ത്രങ്ങളും ചോർന്നുപോയ്
വിളക്കാളിനിൽക്കുമാരൂപം
ഹൃത്തിലൊപ്പുവാൻ കഴിഞ്ഞീല!

ശരണംവിളികളിലെന്തു വിസ്മൃതി
ശംഖനാദമാധുരിചേർന്നതമൃതം തെളിക്കുമ്പോൾ
പ്രണവം തുടിക്കാത്ത മന്മനംമാത്രം ക്രൂര-
ശിശിരംവെളുപ്പിച്ച മാമരംപോലെ നിൽപൂ!

കൃഷ്ണയാമിനീസുമത്തുമധൂളിയിൽ മുങ്ങി
അർദ്ധമീലിതം പ്രണമിക്കുന്നു മണൽമുറ്റം
ഓളമിട്ടുലാത്തുന്നൊരമ്പലക്കുളം മന്ദ്ര-
മോർമ്മകൾ ചികഞ്ഞിടയ്ക്കുന്മുഖം ജപിക്കുന്നു,

ആരതിത്തളികയോടമ്മയെ വലംവയ്ക്കാ-
നഴറിത്തെളിഞ്ഞുഷകന്നിവന്നിറങ്ങുന്നു
എന്റെയിച്ചെറുതിരി മാത്രമീ ശീതക്കാറ്റിൻ

ആഞ്ഞുലഞ്ഞൊളിമങ്ങിത്തേങ്ങുവാനെന്തേ കാര്യം?

ദേവിതന്നുയിർവാർന്ന ദിവ്യേതിഹാസം മൂളു-
മെൻ മന്ത്രവിപഞ്ചികയുള്ളിലും
തീർത്ഥപ്പൂക്കളൊട്ടിയ കളഭമെൻ കയ്യിലുമൊതുക്കിഞാൻ
മാറിനിന്നല്പം മതിൽക്കെട്ടിനോടൊപ്പം
ചെത്തിമാലകൾ ചമയ്ക്കുന്ന
പകലിൻ മുഖംനോക്കി.

വൃദ്ധനായ് മാനംനോക്കി നിൽക്കവേ അരയാലും
വൃശ്ചികക്കാറ്റിൽ മദ്യചഷകം മോന്തീടുന്നു
വാശിപൂണ്ടിലത്താളം മുട്ടിയാരസോജ്ജ്വല-
വീരഗാഥകൾ പാടിയാടുവാൻ തുടങ്ങുന്നു...

ചോഴനാട്ടിലെച്ചൈത്രമാധവീനികുഞ്ജങ്ങൾ
കാവേരീസമീരനിൽ പൂത്തുലഞ്ഞതുകണ്ടേൻ,
താന്തനായ് മനംനൊന്തു പാറിടും കരിവണ്ടു
ദീനനായ് തലവേറിട്ടുരുളുന്നതു കണ്ടേൻ,
ഉൾക്കാമ്പുരാകിപ്പൊടിഞ്ഞുല്ലയായ് മാറും സ്ത്രീത്വം
കാൽച്ചിലമ്പുലച്ചുകൊണ്ടുറയുന്നതും കണ്ടേൻ,
പാണ്ഡ്യപട്ടണത്തിലെ വിശ്വവൈജയന്തികൾ
കത്തിവെണ്ണീറായ് മാറിപ്പാറിടും രവം കേട്ടേൻ!

കാർമുകിൽമുടിക്കെട്ടു ചിന്നിയും
വർഷാകാശസന്ധ്യപോൽകടമിഴി
കലങ്ങിച്ചുവന്നുമാ-
കൈത്തലം തിരുമാറിലാഞ്ഞമർത്തിയും
തീരരേഖവിട്ടായും ക്ഷുബ്ധ-
സാഗരംപോലെ ദേവി വന്നുനില്ക്കുന്നുമുന്നിൽ!

അധരം വിറയാർന്നു, വിടർന്നും
കപോലങ്ങളാളിയും
ചില്ലീയുഗമിടഞ്ഞും
നാസാഗ്രത്തിൽ വിയർപ്പും കണ്ണീരുമായ്
പ്രേമരുദ്രയാ, യഗ്നിശൈലമായ്
സതീത്വത്തിൻ വായ്ത്തലയണച്ചനീ-
യുജ്ജ്വലിക്കുമ്പോ,ഴാഹാ!

പ്രണവം മുഴങ്ങുന്നു, മന്മനമൊളിപ്പിച്ച

നറുനെയ്ത്തിരി നീട്ടിക്കൂപ്പുന്നു,
വാൽക്കണ്ണിലെ ഹോമകുണ്ഡത്തിൽമുട്ടി-
ത്തുമ്പൊന്നു തിളങ്ങുവാൻ!

— 11 —

## ഗ്രീഷ്മസ്ഫുലിംഗങ്ങൾ

അഗ്നിയാ,യഗ്നിയായൊന്നിൽ നിന്നായിരം
ജിഹ്വകൾ നീട്ടിക്കുടഞ്ഞെഴുന്നേല്ക്കുന്ന
ഗ്രീഷ്മസ്ഫുലിംഗമായ്
കല്പാന്തവഹ്നിയായ്,
ആളിപ്പടർന്നേറുമീയസംതൃപ്തികൾ
മർത്ത്യമനസ്സിൽ തടവുമുറികളിൽ!

കാലം വെളുത്തകുപ്പായങ്ങൾ തയ്പ്പിച്ച്
മാറ്റുന്നു നിത്യം, പഴക്കും വ്രണങ്ങളെ
മൂടുന്നു, പൊയ്മുഖം വെച്ച് ചാഞ്ചാടുന്നു,
ആട്ടത്തിലാകേ മറന്നിരുന്നൊപ്പം
നരച്ചവർ താളം പിടിച്ചു രസിക്കവേ,
ആട്ടക്കളത്തിൽ മുഴങ്ങുന്ന ഞാണൊലി,
കൗമാരശൗര്യം സടകുടഞ്ഞേറ്റിതാ
കാർമ്മുകമേറ്റിക്കുലച്ചു വലിക്കയായ്!

സർവംസഹേ! നിന്റെ സത്യയുഗത്തിൻ
സമത്വവും സ്നേഹവും തൊട്ടുമിനുക്കിയി-
ട്ടമ്മമാർ ചൊല്ലിക്കുളിർപ്പിച്ച പാട്ടിലെ
തേൻമണം തേടി വിമൂഢരായ്ത്തീർന്നിവർ!

എന്നും കരിംപുക മാത്രം കുടിച്ചിവർ
കാരിരുമ്പായിപ്പഴുത്തുജ്ജ്വലിക്കുന്നു,
കണ്ണിൽ കനലേറുകൊണ്ടു പുകഞ്ഞിവർ
നെഞ്ചിൽ ചവിട്ടിക്കുതിക്കുവാനായുന്നു.

അമ്മിഞ്ഞയൂറാത്ത നെഞ്ചിൽ കുരുന്നുകാൽ

തല്ലിച്ചുവപ്പിച്ച രോഷം വിഴുങ്ങുമീ
ശൈശവം വല്മീകഭിത്തികൾ ഭഞ്ജിച്ചു
നിർഭീതനായ് നിന്നു താണ്ഡവമാടുന്നു!

അക്ഷരം കാറ്റിൽ പറത്തുന്നു, പട്ടണ-
വീഥിയിൽ കോമരംതുള്ളുന്നു, ലക്ഷ്യങ്ങ-
ളില്ലാഞ്ഞു തുണീരമൂരിയെറിയുന്നു,
സാഗരമൂറ്റിക്കുടിക്കാൻ കുതിക്കുന്നു!

പേപ്പട്ടിയല്ല, പാമ്പല്ല, പതംഗങ്ങൾ!
തീരെപ്പറക്കമുറ്റാത്ത കുരുന്നുകൾ,
പാൽനുരച്ചാറൊലിക്കേണ്ടുന്ന ചുണ്ടിൽ
കരാളവിഷാഗ്നിവിരോധാഗ്നിയാളും
കരിഞ്ഞകുഞ്ഞുങ്ങൾ!
കനൽക്കട്ടയുണ്ടവർ!

പന്തിയിൽനിന്നും പിടിച്ചു പിൻതള്ളവേ
പന്തങ്ങളാളും മനസ്സുമായ് നിൽക്കയാം,
പിൻതിരിഞ്ഞോടുന്ന കാലമേ, നിന്നെ-
ത്തിരിച്ചു മുന്നോട്ടു തെളിപ്പാൻ കൊതിപ്പിവർ!

കൺകൊണ്ടതൊക്കെത്തകർക്കാൻ തരിക്കുമീ
കൈകളിൽ ശ്വേതാശ്വവീരർ വിരണ്ടു കൊ-
ണ്ടെങ്ങു ഹൃഷീകേശ, നെങ്ങുധനഞ്ജയ-
നെന്നു പകച്ചു കിതച്ചു നിന്നീടുന്നു!
അഗ്രംതുരുമ്പിച്ച വെൺമഴു താഴ്ത്തി,
നരച്ച ശ്മശ്രുക്കളിൽ കണ്ണീരൊലിച്ചു,
നിരാശനായ്, താന്തനായ്,
നിഷ്ഫലസ്വപ്നമായ്
തേങ്ങുന്നു ഭാർഗ്ഗവൻ!

(1974)

— 12 —

## അംഗുലീയം

അക്ഷരം ജപിക്കുന്ന ഹൃദയം നിരന്തര-
മംഗുലീയത്തിൽ മിഴി തടവിത്തളരുന്നു
മരുഭൂമി തന്നുള്ളം പൊള്ളിയൂതിടും ചുട്ടു-
കാറ്റൊന്നു മേടച്ചൂടിൽ കൈകളിൽ പിടിയ്ക്കുന്നു!

പൊന്നുരുക്കുമീ മഞ്ഞവെയിലിൽ വാടിക്കുമ്പി
പൈങ്കിളി പാട്ടും മറന്നനങ്ങാതിരിക്കുന്നു,
പച്ചയറ്റൊരീ മരച്ചില്ലയിൽ മുരടിച്ച
യൗവ്വനം മനം നൊന്തു കേണുകേണകലുന്നു.

ഒരു പൂത്തരിപോലും കണിവെക്കാതേ, കനി-
ഞ്ഞൊരു പുഞ്ചിരിപോലും വിടർത്താൻ കഴിയാതേ,
മൗനമായുടയാടയൊതുക്കി, ച്ചിലമ്പൊച്ചയമർത്തി
വിളറിയ വിഷുവും കടന്നുപോയ്!

കന്നിമണ്ണുരുകുമ്പോൾ കണ്ണിമ നനയാതെ
മൗനമായിരുൾമുകിൽ യാത്രയാകുന്നു വീണ്ടും,
എത്രമേൽ വിരസമീ വിരഹം, പ്രവാസിയാം
കാന്ത, നിൻ യക്ഷൻ വഴിതെറ്റിയെങ്ങലയുന്നു?

ചിറകിട്ടടിക്കുന്നരാക്കിളി നിലാവിന്റെ
ചിറയിൽ നെടുവീർപ്പിനോളങ്ങളുയർത്തുന്നു,
മധുകുംഭത്തിൽവീണു തന്നുവൊട്ടിയ നിശാ-
ശലഭം വസന്തത്തെ ശപിക്കാൻ തുടങ്ങുന്നു...

ഇനിയും നിതാന്തമീ ദീർഘയാമിനീവ്രത-
മെത്രനാൾ? ഇണയറ്റ ചക്രവാകിതൻ മിഴി

ചോന്നുചോന്നുദയാഗ്നി ശോണരേഖകൾ പൊട്ടി
താഴ്വര തുടുക്കുമോ? താമര വിരിയുമോ?

അക്ഷയം നാമാക്ഷര വൈദ്യുതി വിരൽ ചുറ്റി-
ത്തുടിക്കും തരംഗമായ്, താളമായ് പടരുമ്പോൾ
സ്വന്തമിപ്പൊന്നോതിരം വീണുപോകാതേ
നെഞ്ചിലൊതുക്കി, ചുടുവീർപ്പിനലയിൽതിളക്കട്ടേ!

(1984)

— 13 —

## മണ്ഡോദരി

കടലല തേങ്ങിക്കാറ്റിൻ മാറിൽ
കണ്ണീരൊപ്പും നിമിഷം
കർപ്പൂരത്തിരി കത്തിയടങ്ങിയ
മാനം മങ്ങും നേരം
മുരളിക വിറ്റു മടങ്ങും പൈങ്കിളി
ചേക്കേറുന്നൊരു കാലം
കുടമുല്ലകളുടെ വെള്ളിച്ചെപ്പിൽ
കസ്തൂരിത്തരി പാറുന്നു,
അന്തിയിരുട്ടു പരക്കുന്നു,
അണിയറയിൽ ഞാനാരുടെ വരവും
സ്വപ്നം കണ്ടു കിതയ്ക്കുന്നു?

നിറയെപ്പൂത്തൊരശോകച്ചോട്ടിൽ
നിഴലോ?
നിഴലു നടുങ്ങും നിറമിഴിയോടൊരു
കനലോ?
ഇതളു വിളർത്തൊരു ചെന്താമരയോ
മഞ്ഞിൻപാളിയിലിളകുന്നു,
അരുണിമ മാഞ്ഞ കവിൾത്തടമായില
ജാലകമറവിൽ മേവുന്നു?

ചന്ദ്രികയൊഴുകിയ രാവേയെന്നെ-
യിരുട്ടിൽ കരയാൻ വിട്ടേക്കൂ,
മന്മഥചിത്രമുടച്ചെൻ മണിയറ-
വാതിൽ പൂട്ടിയടച്ചേക്കൂ.

മധുമാസത്തിൻ ചെപ്പു തുറക്കും
ചെമ്പകനിരയിൽ തങ്ങാതെ
രാക്കിളിയോടാക്കൂടും വീണയു-
മേന്തിപ്പോകാൻ പറയേണം.

പുത്തൻ പട്ടുടയാടകളൊക്കെ-
ക്കൂട്ടിയെനിക്കൊരു ചിത വേണം
ചന്ദനതൈലമൊഴുക്കീട്ടതിലെ-
ന്നാത്മാവിൽ തീ വയ്ക്കേണം.

രത്നാഭരണം ചാർത്തിയൊരുങ്ങിയ
രജനീബിംബമുണർന്നല്ലോ,
മനസിജശരമേറ്റുഴലും നിശചര-
നാഥനൊരുങ്ങിയിറങ്ങുന്നു.

സ്മരകലഹത്തിനൊരുങ്ങും പ്രിയതമ,
സതി സർപ്പിണിയെന്നോരാതെ
സങ്കടമോടു മുടക്കും ലങ്കാ-
ധീശ്വരിയെക്കണ്ട് കൂപ്പാതെ,
അനുനയവാക്കുകൾ ചൊല്ലുന്നോരെ
കടുമിഴികൊണ്ടു ദഹിപ്പിച്ചും
ഈരേഴുലകിനെയൊരു ചെറുവിരലാൽ
പമ്പരമാക്കിച്ചുറ്റിച്ചും
മത്തഗജംപോലുദ്ധതനായി-
പ്പായുവതെന്തൊരു വിധിയയ്യോ!

മതി മതി തോഴീ, മൽപ്രാണൻ
മതിവിട്ടുഴറിപ്പിടയുന്നു,
മൈഥിലി വാർത്തൊരു മിഴിനീരിൽ
മയപുത്രിക്കൊരു ചിതകൂട്ടൂ!

(1986)

— 14 —

# എന്റെ വീണ

പ്രേമത്തെക്കുറിച്ചു ഞാൻ പാടണോ? അതോ,
മഹൽ ത്യാഗത്തെക്കുറിച്ചു ഞാൻ പാടണോ?
ദുരമൂത്ത ലോകത്തെയോർത്തോ
അതിൽ വീണടിഞ്ഞിടും സഹ-
ജീവിതങ്ങളെപ്പറ്റിത്തേങ്ങിയോ
പാടേണ്ടു ഞാൻ?

നിർമ്മമം, നിരഹങ്കാര-
മിങ്ങിരിക്കുന്നു, സർവ്വം
സഹയാം ധരിത്രി പോ-
ലെന്റെയീച്ചെറുവീണ,
വിരൽ തൊട്ടാലോ മെല്ലെ
പ്പുരികം വളച്ചുകൊ-
ണ്ടവൾ ചോദിച്ചീടുന്നു:
"ഞാനെന്തു പാടീടണം?"

സാഗരം തുളുമ്പട്ടെ കരളിൽ,
സുരലോകശ്രുതികൾതുടുക്കട്ടെ ചൊടിയിൽ,
സ്വരാശ്ലേഷബന്ധനംകൊണ്ടീ തപ്ത-
വിശ്വത്തെയാകേ പ്രേമപീയൂഷമയമാക്കു!

വീണ്ടുമാ വാൽക്കണ്ണിലെ ഖിന്നത
വിമൂകമായ് തിരി നീട്ടുന്നു,
ദലമർമ്മരം പോലേ പിന്നെ
മന്ദമായ് മൊഴിയുന്നു:
"എത്രയെത്ര നാം പാടി-

ഞ്ഞോഞ്ഞൊരീപ്പഴംപാട്ടു
പാടുവാനെനിക്കിനി
കൗതുകം ശേഷിപ്പീല"

നിഴൽ വീണൊരീ ഞാവൽ-
പ്പഴമൂർന്നിടും പ്രിയ-
മേറിയ നടക്കാവിൽ
നിന്നു ഞാനല്പം കാറ്റിൻ-
വികൃതിക്കൊപ്പം താള-
മിട്ടുകൊണ്ടലസമായ്
മിനുത്ത കരിമ്പാറ-
പ്പുറത്തൊന്നിരുന്നു ഞാൻ.

രാത്രി തൻ കരം കൊച്ചു-
കാട്ടുപൂവിനെപ്പോലും
ചിരിയൂട്ടുന്നു, നിശാ-
ശലഭം വരും മുമ്പേ,
അന്തിവാനിലെശ്ശോണ-
നീലിമ പടർന്നെന്റെ
പാറയും തണുത്തെന്നെ-
ച്ചുറ്റി നിന്നിടും കാറ്റും!

മഞ്ജുവീണവിരാമം,
വീട്ടിൽ നിന്നാരോ നീട്ടി
വിളിച്ചു: "വഴിവക്കി
ലേകയായിരിക്കൊലാ!
ചാഞ്ഞുറങ്ങുമീ പുല്ലിൻ
തുമ്പിലും കമനീയ
രാവിലും മയങ്ങിയീ
വഴി നീ മറക്കൊലാ!"

ഉള്ളിൽ നിന്നാരോ മെല്ലെ-
ച്ചിരിച്ചു, തലോടുമാ-
മന്ദ്രനിസ്വനം പൂണ്ടു
മൊഴിഞ്ഞൂ വിപഞ്ചിക:

"മുന്നിലിച്ചുടുകാട്ടിൽ
കത്തിനീറുമീ മർത്ത്യ-
ജീവനെപ്പറ്റിപ്പാടാൻ

തന്ത്രിയിൽ വിരൽ ചേർക്കൂ!"

(1984)

— 15 —

## പൂവിളി

പെരുമലയുടെ കണ്ണിൽ നിന്നു
കരിങ്കാറ്റൂതിയകറ്റി,
തരുനിരയുടെ കയ്യിൽ പവിഴം
വാരിക്കോരിനിറച്ചും,
തെളിനീരല താളമടിക്കും
കളഹംസത്തോണിതുഴഞ്ഞും
പതിവായ് വരവുള്ളൊരു ചിങ്ങം
പടിവാതിലിൽ വന്നേ നില്പൂ!

കുയിൽമൊഴികൾക്കീണംകൂട്ടി,
കുറുമൊഴികൾക്കിമ്പം നല്കി,
പനിനീരും പനിമതിയും കൊ-
ണ്ടാറാടിവരുന്നവളാണിടിൽ,
വരിനെന്മണിയുതിരും വഴിയിൽ
നറുതേന്മണമുയരും കാവിൽ,
മാവേലിപ്പാട്ടും മൂളി
ചുവടും വെച്ചാടിവരുന്നോൾ,
ഇന്നെന്തേ പടിവാതിലിൽ വ-
ന്നിളകാതെ വിമൂകം നില്പൂ?

വെൺചേലത്തുമ്പിൽക്കെട്ടിയ
മാൺപുറ്റ കിനാക്കളെതിർന്നും
മാൻചാട്ടം മിഴികൾ കലങ്ങി-
ക്കാളിമപൂണ്ടാകെവിറച്ചും
കളിവില്ലിൽ ഞാണൊലിയേറ്റും

കൈകൾഞെരിച്ചാരായുന്നു:
“എവിടെപ്പോയുണ്ണിക, ളെന്നുടെ
വരവുംകാത്തെണ്ണിയിരുന്നോർ?
പൂക്കളമിട്ടോണം കൂടാൻ,
പൂവിളിയായോളംതുള്ളാൻ,
ആണ്ടറുതിക്കാശപെരുത്തോ-
രെവിടെപ്പോയെന്നറിവീല!

മുക്കുറ്റിപ്പൂ വിരിയിക്കും
കൈശോരസ്വപ്നം തുന്നിയ
കുപ്പായപ്പുള്ളികൾ കാറ്റിൽ
പാറിച്ചും കലപിലവെച്ചും
പലവർണ്ണക്കാവടി പോലെ
പാടത്തും പുഴയോരത്തും
അത്തപ്പൂ തേടിനടപ്പോ-
രെവിടെപ്പോയെന്നറിവീല!

കർക്കിടകത്തെയും തുള്ളി-
പ്പിൻവാങ്ങിയവഴികളിലൊന്നും
ശീപോതി തെളിഞ്ഞടിവെച്ചോ-
രടയാളം കാൺമാനില്ലാ!

കാലം, തളിർവെറ്റിലയാക്കി
കെട്ടുതികളുടെ നൂറും തേച്ചീ-
മലയാള, മണപ്പല്ലിൽ വെ-
ച്ചുന്മാദരസം നുകരുമ്പോൾ,
ഓണപ്പാട്ടൊരുതരിയില്ലാ,
മഞ്ഞത്തൊരുചെറുനിഴലില്ലാ,
ഊഞ്ഞാലിട്ടാടാനായൊരു
കൊമ്പില്ലാ, പൈങ്കിളിയില്ലാ!

പാണന്റെതുടിക്കും, പുള്ളിനു-
മിളനീരിനുമില്ലാ മധുരം,
ഇളവില്ലാതുലയും നെഞ്ചിൻ
മാനത്തിനുമില്ലൊരു വിലയി-
ക്കാലത്തിനുമില്ലൊരു നെറിവും!

നിറയും കന്മതിലുകളാലേ
തടവറകൾ തീർത്തവരാര്?

തിരുവോണം കൊള്ളാനുള്ളീ
ത്തുമുറ്റം വിറ്റവരാര്?
കളവറിയാ നിങ്ങടെ നെഞ്ചിൽ
കാകോളം തേവിത്തേവി
പൊരുളറിയാത്തുമ്പികളെക്കൊ-
ണ്ടെരിയും കല്ലേറ്റുവതാര്?
തുമ്പപ്പൂച്ചോറും പതിനെ-
ട്ടരിയതരം കറിയും പായി-
ട്ടിലവെട്ടി വിളമ്പിനിരന്നാ-
കാലം കൈമോശം വന്നത്
ആരാരുമറിഞ്ഞീലെന്നോ?
നേരാരുമറിഞ്ഞീലെന്നോ?

പൊന്നാര്യൻകൊയ്തുവരുമ്പോൾ
പതിരേയിനി നിങ്ങൾക്കുള്ളൂ?
കതിരുംകൊണ്ടങ്ങു പറന്നോർ
ചെമ്മാനം കരിനിറമാക്കി.

നീരറ്റുകിടക്കും നദിയായ്,
വേരറ്റുകിടക്കും മരമായ്,
മലയാളമനസ്സിൻ നെറിവും
വീറും നീയെന്നു മറന്നു?

തെളിനീരിൽ മുങ്ങുക, നിന്നുടെ
കുടിലതകൾ കുടിയൊഴിയട്ടേ!
കൈകോർത്തു നിരക്കുകവേഗം
മതിലുകളൊക്കെയുടയ്ക്കാം!
ഒന്നിച്ചൊരു പൂവിളിയോടെ,
ദിഗന്തംപൊട്ടും പൂവിളിയോടെ,
മതിലുകളൊക്കെയുടയ്ക്കാം!

വിഷവിത്തിൻ പത്തായങ്ങളിൽ
അതു കനലായ് ചിതറട്ടേ!”

(1994)

— 16 —

## പരുന്ത്

പകൽ, ഒച്ചവറ്റിയ പാടം, കാറ്റു
കേണുറങ്ങിയ മരച്ചില്ലകൾ, വെയിൽ
താണിറങ്ങിയുലയുതും നേരം,
എനിക്കു താഴെത്താണു പതുങ്ങും
പരുന്തായെൻ നരച്ച നിഴൽ
നഖം മടക്കിയിരിപ്പായി.

മഞ്ഞുവീഴുമ്പോൾ, പുഴ
കാതോർത്തു ചിരിക്കുമ്പോൾ,
രാത്രിമുല്ല തൻ കുഞ്ഞി-
ക്കൈവിരൽ നിവർത്തുമ്പോൾ,
പൂമണം കക്കാൻ പാത്തു
പാതിരാക്കാറ്റെത്തുമ്പോൾ,
ഒരു രാവിതൾ കൂടിയടരുന്നതും നോക്കി
വെറുതേ വിരക്തനായുണർന്നുകിടപ്പൂ ഞാൻ.

വേനലിൽ വിഷക്കാറ്റിൽ
ചിറകാഞ്ഞുലച്ചുകൊ-
ണ്ടെന്റെ ചുറ്റിലും പൊങ്ങി
ത്താഴുമീ പരുന്തിനെ,
തുടുത്തവട്ടക്കണ്ണിൽ
കാളിടും നിരാശയോ-
ടൊടുവിൽ മടിച്ചു പിൻ-
വാങ്ങുമീ പരുന്തിനെ,
എത്രമേൽ ധ്യാനിച്ചാർത്തുകരഞ്ഞു

വ്യഥപൂണ്ടു പിടയ്ക്കും മമ ജീവൻ
വിളിച്ചു വിരുന്നുണ്ണാൻ.

നിനക്കു നല്കാനൊറ്റ
ഭോജനം മാത്രം സഖേ!
എന്റെ മാളികവീട്ടിൽ
നാക്കില വിരിച്ചു ഞാൻ
കാത്തിരിക്കുന്നു നിത്യം;
നിനക്കായ്  തുറന്നിട്ട വാതിലിൽ കാലം
നീട്ടിമുറുക്കിത്തുപ്പിപ്പല-
വട്ടവും കടന്നുപോയ്!

പൂവൊഴിഞ്ഞൊരീ നെടും
മാഞ്ചോട്ടിലിരുന്നെന്റെ
വെള്ളികെട്ടിയ ചാരു-
ചിന്തകളടുക്കിയിട്ടുണരാതുറങ്ങുവാൻ
ഇടവേളയും കാത്തുനില്ക്കവേ
പിടിച്ചിട്ടു മഞ്ചലിൽ കാലത്തിന്റെ
ഹാസ്യകല്പനയെന്നെ.

താരാട്ടുപാട്ടിൽ തളർ-
ന്നുറങ്ങും കുഞ്ഞാകുവാൻ,
നരച്ചസ്വപ്നങ്ങൾക്ക്
കറുത്ത കസവിടാൻ,
കണ്ണിലെ വിളക്കുതിക്കെടുത്തി
കുനിഞ്ഞിരുന്നെണ്ണിയ ജപമാല
വീണ്ടുമെണ്ണുവാൻ വിധി
നീട്ടിയുത്തരവിട്ടു...

എന്റെ വാക്കുകൾ, മുഖം
കൂർത്ത പാറകൾ, ഇന്നു
പതിരായ്  ചവിട്ടേറ്റു
പാഴ്  മണ്ണിലടിയുന്നു,
എന്റെ സ്വപ്നത്തിൻ വില-
യിടിഞ്ഞൂ നിശ്വാസത്തി
നഗ്നിയും തണുത്തുപോ-
യിനി ഞാൻ വെറും പൂജ്യം.

ദിഗ്ജയം നടത്തിയ ഞാനിന്നു

മഹാതിക്തം സേവിച്ച
വാനപ്രസ്ഥം പൂർത്തിയാക്കുകയല്ലോ,
എനിക്കു കാടായ് തീർന്ന-
തെൻ കാടുകയറിയ മനസ്സോ?
മരവിച്ചകാലമോ? മനുഷ്യരോ?

എനിക്കു കൂട്ടായെന്റെ
പിറകേ പദം വെച്ച
വിറയ്ക്കും വിരൽ തന്നു
കൂടെവന്നവൾ നില്പൂ,
വിളക്കായ് തറവാട്ടി-
ലാളിനിന്നവൾ, തന്റെ
പതിയിൽ പുരാനെയും
പ്രണമിച്ചവൾ നില്പൂ.

വളർന്നു മക്കൾ, നമ്മൾ
നെഞ്ചുപൊട്ടിയ കായ്കൾ,
വരളും താരാട്ടിന്റെ
കൊച്ചുകൈത്താളം
ശവക്കച്ചയിൽ പൊതിഞ്ഞിനി
യാത്രയാവണം വേഗം.

സുഖദുഃഖങ്ങൾതൊട്ടു
വിളിച്ചാലിളകാത്ത
തനുവും മനസ്സുമായ്
മരവിച്ചിരിക്കുമ്പോൾ,
ഇനിയും സംവത്സരം
ജീവിതമാശംസിച്ച
വന്നുപോകുന്നു വെറും
വാക്കുമായ് നിഴലുകൾ.

സാന്ധ്യരശ്മികൾവന്നു
ജാലകപ്പടിയേറി
സാന്ത്വനം ചൊല്ലിപ്പോക-
ലെനിക്കുപരിചയം,
മേനിയിൽ പേനുംചിക്കി-
യിളകാതിരിക്കുമീ
കരുത്തൻ പരുന്തിനോ-

ടെനിക്കു പരിഭവം!

(1980)

— 17 —

## വാടകവീട്

വാടകവീടൊന്നു തേടിനടന്നു ഞാൻ...
ഉള്ളിൽ കൊടുങ്കാറ്റു വീശിക്കറുത്തു
കനത്തമേഘങ്ങൾ മുരണ്ടുനീങ്ങുമ്പോഴും
ചുണ്ടിൽ പതിച്ച കരിഞ്ഞ ചിരിയുമായ്
വാടകവീടൊന്നു തേടി നടന്നു ഞാൻ.

നന്നായ് വെളുത്ത ചുമർവേണ, മല്പം
വെളിച്ചം തരും കിളിവാതില്, മപ്പുറ-
മഞ്ചാറു പൂച്ചെടിക്കൊന്നുനിന്നാടുവാ-
നിത്തിരി മുറ്റവും, കാറ്റും മതി, മതി.

തേനീച്ചയായിളം ചുണ്ടിലീതേനുമെ-
ന്നാറ്റുവഞ്ചിപ്പൂ പഠിപ്പിച്ച പാട്ടുമായ്
പട്ടണത്തിൻ നാലുകെട്ടിൽ കടന്ന ഞാൻ
മുട്ടിത്തിരിഞ്ഞു വലഞ്ഞു നടപ്പിതാ!

പട്ടുടുപ്പിട്ടു മിനുങ്ങുന്ന പട്ടണ-
ക്കെട്ടിടപ്രൗഢിയിൽ പാളിനോക്കി-
ത്തന്റെ കൊച്ചുവീ, ടേതെ,
ന്നെവിടെ, യെന്നിങ്ങനെ
ഉത്തരം കിട്ടാക്കടംകഥ മൂളി-
ക്കിതച്ചുകിതച്ചെത്ര കാതം കടന്നു ഞാൻ...
വൃശ്ചികക്കാറ്റിന്റെ വില്ലു വെച്ച
ഭസ്മക്കാവടിയാടിത്തളർന്ന ഭൂമി
ഉത്സവത്തേരിൻ വരവു നോക്കീ-
ട്ടുൾത്തടം കോരിത്തരിച്ചു നിന്നു.

പള്ളിക്കുറുപ്പുണർന്നേറ്റ കടുംതുടി
കൈയിലെടുത്തു വടക്കുംനാഥൻ,
പാലച്ചുവട്ടിൽ വിളമ്പിയ പാൽ വെടി-
ഞ്ഞുന്മാദമോടു നിന്നാടി നാഗം!

അമ്പലമുറ്റത്തരിശം ചൊടിച്ചു
വിറയ്ക്കുമരയാൽ കിളിയോടു തർക്കിച്ചു:
"അന്തിയുറങ്ങാനിടം തരികില്ല ഞാൻ
പൂരം വരികയായ്, വാടകക്കൂട്ടണം!"
വാടക നല്കാതെ, വേറിട്ടു പോകാതെ,
പാതയോരത്തെ കുടികിടപ്പിൽ, തന്റെ
പട്ടിണിപ്പായയിൽ മുട്ടിട്ടിഴയുന്ന
കുഞ്ഞിനെക്കൊട്ടിയിരിക്കുമമ്മ
പന്തിയിൽക്കേറിത്തിരക്കാനൊരുങ്ങാതെ
പന്തലിൻ മുന്നിൽ മിഴിച്ചിരിപ്പൂ.

പുത്തിലഞ്ഞിത്തറമേളം ശ്രവിക്കുവാൻ,
പട്ടുകുടക്കളിമാറ്റങ്ങൾ കാണുവാൻ,
പട്ടണക്കെട്ടുകളൊക്കെയുലയ്ക്കും
വെടിക്കെട്ടു കാണുവാൻ പോകുവതെങ്ങനെ
അത്താഴപ്പക്ഷിയായ് എന്റെ കറുമ്പൻനായ്
ഹ്രത്തിന്നടുക്കള വാതിലിൽ നില്ക്കവേ?

പൂരം കഴി, ഞ്ഞാലവട്ടവും ചാമരം,
പൊൻപതക്കം, പട്ടുവെന്നിക്കുടകളു-
മൊക്കെത്തിരികെക്കൊടുത്തു, പഴന്തുണി
ചുറ്റിക്കുടിയൊഴിഞ്ഞാനകൾ പോയിടും.

വർഷം വരുംമുമ്പ് കൂടു വെയ്ക്കാൻ കിളി
ചപ്പുംചവറും കിളയ്ക്കും വഴിവക്കി-
ലിത്തിരി നേരം തളർച്ച തീർക്കാൻ തടു-
ക്കിട്ടു ക്ഷണിക്കുമോ പട്ടണമെന്നെയും?

(1978)

— 18 —

## ചിറകടി

പ്രാചിയിൽ തുടുത്ത പൊൻ
താമര വിടരുന്നു
താരകോഷ്മള സ്നേഹ-
ചുംബനം നുകർന്നിതാ!

കരളിൽ തലോടുന്ന സ്വപ്നങ്ങൾ
ഹർഷാമൃതം തൂകി നില്ക്കുന്നു,
വിരൽത്തുമ്പുകൾ തുടുക്കുന്നു.
ഇന്നലെസ്സുഷുപ്തിയിൽ
സാന്ദ്രമാം സമാധിയിൽ
കൺകളെപ്പൊതിഞ്ഞ
കാർമുകിലിൻ തുണ്ടും മാഞ്ഞു.
പൊന്നുഷഃകാലം നീട്ടും
താമരപ്പൂവിന്നിതൾ
തോറുമേ തിരക്കിട്ടു
ഞങ്ങളും ചുംബിക്കട്ടേ!.

കാറ്ററങ്ങുവാൻ വന്നു
കലശൽക്കൂട്ടും
കൊച്ചുകാറ്റാടിമരങ്ങളിൽ
കൊക്കുകളുരുമ്മുവിൻ,
വിളകൊയ്യുവാൻ തേച്ചു
മൂർച്ചക്കൂട്ടിയ മണിച്ചുണ്ടുമായ്
നീലാകാശസാനുവിൽ നിരക്കുവിൻ!

ചിറകുള്ളവർ, വീശി-

പ്പാടുവാൻ കൊതിപ്പവർ,
കുഞ്ഞിളം ചുണ്ടാൽ യുഗ-
ഗാനമാലപിക്കുവോർ
വരുന്നൂ, പ്രവാചകർ
പോയ കാല്പാടിൽ, കാലം
നവമായ്ക്കൊളുത്തുമീ
കതിരിൽ വെളിച്ചമായ്.
ഇളയെപ്പൊന്നാക്കുന്ന
വേർപ്പിനെപ്പറ്റി,
കണ്ണീരുതിരും
പ്രേമോൽക്കടവ്യഥയെപ്പറ്റി,
തേജഃമന്ത്രമായ് കുതികൊള്ളും
പുതുചോരയെ,
കാലവൈദ്യുതരഥം തെളി-
ച്ചമ്പിളിത്തുമ്പിൽ
ജൈത്രകാഹളം വിളിച്ചെത്തും
മനുവെപ്പറ്റി,
ജീവൽഗാനമാം താളം മാഞ്ഞു-
തേഞ്ഞുതീർന്നിട്ടും
വിശ്വസ്നേഹഗംഗയെപ്പറ്റി
പൊന്നുഷഃകാലം നീട്ടും
താമരപ്പൂവിന്നിതൾ
തോറുമേ തുവൽത്തുമ്പാൽ
ഞങ്ങളും ചുംബിക്കട്ടേ!

(1974)

— 19 —

## അഭിമുഖം

നറുതിരിയിട്ട വിളക്കെൻ മുന്നിൽ, താരം!
ചെറുചിരിമായും നിന്നുടെ വദനം, ശ്യാമം!
മങ്ങിയ സായാഹ്നദ്യുതി മെല്ലെ-
ക്കരിമഷിയെഴുതും കാതരരൂപം!
കരകവിയും നിറമിഴിയുടെ ആഴം
തേടിക്കരയിലിരിക്കുന്നു ഞാൻ!

പണ്ടുമുതല്ലേന്നരികിൽ, തണലിൽ
കാറ്റുംകോളും തുന്നിയൊരാകാ-
ശക്കുട നീർത്തീട്ടലസം പനിനീർ-
ച്ചിറകുലയുതി നടന്നീടുമ്പോൾ,
ഓർത്തോ നാമിരുപേരും പുത്തൻ
കുവളദളമിട്ടർച്ചനചെയ്യും
ഹരനുടെ രൂപമിതൊന്നെന്നപ്പോൾ?

പിന്നെയിതേപോലൊരു മൃദുസന്ധ്യ
തുടുത്ത കപോലം പാതി കുനിച്ചി-
ട്ടാദ്യം നീ മറ മാറ്റീ...
അർദ്ധനിമീലിത മലരുകളായ്  നിൻനാദം,
അപ്രിയമൊന്നുമുരയ്ക്കാനാവാ-
തെന്റെയബോധതലത്തിലുറങ്ങും
കുരുവിക്കുഞ്ഞുകരഞ്ഞൂ.
അന്നു മനസ്സിൻ ചരിവിലൊരമ്പിളി
യിതളൊളി തൂവിയിരുന്നു,
ഇന്നു കടുത്തതമസ്സാ,ണരുകി-

ത്തേഞ്ഞൊരു മനമാണെന്നിൽ,
വിഗ്രഹമൊക്കെത്തല്ലിയുടച്ചതി
വിഷമദമൊടു നീ വന്നു,
വിളറിയ പാലപ്പൂവായൊടുവിൽ
വീണു തളർന്നു കിടപ്പൂ!

അന്തിവിളക്കിന്നൊറ്റത്തിരിയുമണഞ്ഞൂ
അഭിമുഖമിപ്പോൾ കാണാൻ വയ്യെന്നാലും
എന്റെയബോധതലത്തിലുറങ്ങും
കുരുവിക്കുഞ്ഞു മരിച്ചു!

(1984)

— 20 —

# ശിശിരസ്മൃതി

അമ്പിളിത്തിരികെട്ടു,
മന്ദമായ്  വിളക്കെണ്ണ വറ്റി,
രാവിതാ തീർന്നു,
രാക്കിളി വിടയോതി,
ജാലകച്ചില്ലിൽമഞ്ഞു
പൂക്കളം, കണ്ണിൽ നിദ്ര
കോപിച്ചുകുടഞ്ഞിട്ട
തീക്കളമെരിയുന്നു!

അന്ത്യമായില്ലാ, സ്പന്ദ-
താളമുണ്ടിനിയുമെ-
ന്നന്തരംഗത്തിൽ തളി-
രീരില വിരിയുന്നു.
തുടുക്കും പ്രതീക്ഷതൻ
പൊന്മുഖം നാണം കുമ്പി
വിറയ്ക്കുന്നേരം സിരാ-
തന്ത്രികൾ മന്ത്രിക്കുന്നു!

ഇന്നലെ, കൊടുങ്കാറ്റി-
ലഷ്ടദിക്കിലും വജ്ര-
വീചികളുലച്ചെന്റെ
മൃതിവന്നുലാത്തുമ്പോൾ,
നിന്റെ കാമനകളെ-
ച്ചവുട്ടിമെതിച്ചുകൊ-
ണ്ടിന്ദ്രിയങ്ങളിൽ നിത്യ

മൂകത പടർത്തുമ്പോൾ,
എത്ര നീ വിളിച്ചാർത്തു
കരഞ്ഞു, മൃതിയുടെ
പൂഞ്ചായൽ വീണെൻ
മുഖമൊന്നു, ഹാ! മറഞ്ഞിടാൻ.

ഇന്നിതാ പുതുവെട്ട-
മുമ്മവെച്ചുണർത്തുമ്പോൾ,
ദൂരെനിന്നവൾ വാക
പൂത്തപോൽ ചിരിക്കുമ്പോൾ,
എന്തിതു, നിർലജ്ജമെ-
ന്നന്തരംഗമേ, ഭയം
നാമ്പിട്ടും മുഖം താഴ്ത്തി-
യെന്നിൽ നീയൊളിക്കുന്നോ?

(1975)

— 21 —

## അണയാത്ത ചിതകൾ

എവിടെയോ തിരയുന്നു
കാറ്റീ, തണുത്ത കാ-
റ്റാരെയോ തേടുന്നു,
തളിരറ്റ ചില്ലയിൽ,
തുണയറ്റ നീഡത്തി,
ലുരുകുന്ന ചിന്തയാൽ
കരിയുന്ന പകലിൻ
കറുത്ത പക്ഷങ്ങളിൽ,
തിരികെട്ടൊരോട്ടു
വിളക്കേന്തിയാമങ്ങൾ
ഇഴപിരിഞ്ഞുലയുന്ന
ശ്യാമവസനത്തിൽ,
തിരയുന്നു, തിരയുന്നു
കാറ്റീ തണുത്ത കാ-
റ്റാരെയോ രാപ്പകൽ
തേടിത്തളരുന്നു.

ചിരിയും കരച്ചിലും,
കൈവിട്ട പട്ടണം,
മലരും മണങ്ങളും
മുരടിച്ച വള്ളികൾ,
നരപൊട്ടിയൂർമ്മിക-
ളുണരാത്ത സലിലങ്ങൾ,
ശൈശവം തളയിട്ടു
തുള്ളാത്ത വാടികൾ

ഗതികെട്ടസ്വപ്നങ്ങൾ
കരിയിലച്ചിറകുമായ്
മുറുമുറുത്തലയുന്ന
മരവിച്ച തെരുവുകൾ,
ഇവിടെക്കനം തൂങ്ങി
നില്ക്കുന്നു നിമിഷങ്ങൾ
മൃതിതൻ കുളമ്പടി-
പ്പാടിലോരോന്നിലും.

പതിയെ കുളിർ ചുര-
ന്നലയുന്ന കാറ്റിന്റെ
ചുമലിൽ ചരിഞ്ഞൊ-
ന്നുലഞ്ഞു തേങ്ങീടുവാൻ
അണയാത്ത ചിതകളിൽ
ഹൃദയം പറിച്ചെറി-
ഞ്ഞെരിയും നഗരം
മറന്നുപോയീ.

(1985)

— 22 —

## കനലുകൾ

മണിവീണ[1] യൊന്നിതാ
പൊടിതുടച്ചണിയിച്ച
രംഗത്തുവയ്ക്കുന്നു നമ്മൾ,
ഒരുനീണ്ട നൂറ്റാണ്ടി-
നോർമ്മതൻ ചിംബുകം
പൊക്കുന്ന ചിന്മയ വീണ!

പൊടിപിടിച്ചരികത്തു
മാറാപ്പിലേതോ
പഴംകഥ പോലെക്കിടന്നു
അക്ഷയരാഗങ്ങ, ളഗ്നിയാ-
യമൃതമായൂട്ടിയ സുകൃതിയാം വീണ!

മുകിൽവർണ്ണനെക്കരൾ
ചിപ്പിയിൽ മുത്താക്കി
മാറ്റിയ മധുരാദ്രഭാവം
കുയിലിനെ പ്രേമിച്ചുപാസിച്ച
പൂർണ്ണപ്രപഞ്ചത്തെ-
യുൾക്കൊണ്ട രാഗം,
ഇഴപൊട്ടിയിടറുന്ന
കരിമിഴിക്കദനത്തെ
ശ്രുതിചേർത്തുമീട്ടിയ ഗീതം,
ഒരു നൊടിയിമപൂട്ടി
നിന്നൊന്നു നുകരുകിൽ

---

[1] സുബ്രഹ്മണ്യ ഭാരതിയുടെ കവിത.

നിമിഷങ്ങൾ നിശ്ചലമാകും!

സ്വാതന്ത്ര്യമവിടുത്തെ
സ്വപ്നം സ്ഫുടം ചെയ്ത
തുലികത്തുമ്പിൻ സ്ഫുലിംഗം,
നിത്യം സമത്വാനു-
ഭൂതിയിൽ ചാലിച്ച
വിശ്വം മുഴക്കിയ മന്ത്രം,
ഇവിടെ നിറംകെട്ടു
പതിരായ് പൊഴിഞ്ഞാർക്കു-
മില്ലാതെ പോകുന്നവല്ലോ!

ചൂണകെട്ട ഞങ്ങൾത-
ന്നാത്മാവിലായിരം
കനലുകളുണ്ടേ കിടപ്പൂ,
മുനിയാതെ, പടരാതെ,
കരിനികരങ്ങൾ തന്നടിയിൽ
പുതഞ്ഞേ കിടപ്പൂ!

മൃതിയിൽ ജീവിക്കുമീ
ഞങ്ങളിൽ വീണ്ടും
വിതയ്ക്കുക പുതിയ ഭൂകമ്പം!
ഒരു കൊടുങ്കാറ്റിൻ
പെരുമ്പറ കൊട്ടി
യുണർത്തുക ഞങ്ങൾ തൻ വീര്യം!

(1982)

— 23 —

## ഭയം

എന്തൊരുൾഭയം
എനിക്കാരുമല്ലാത്തീ
മഹാനഗരം എന്നെ സ്വന്ത-
മാക്കുമീ നിമിഷത്തിൽ!

ഇവിടെച്ചെളിമണ്ണിൽ
വേരുകളാഴ്ത്തിപ്പൂവും
തളിരും വാരിച്ചൂടി-
ത്തെന്നലിൽ ചാഞ്ചാടുവാൻ
ഒരുങ്ങുന്നേരം പൂർവ്വ
വല്ക്കലമിറുകുന്നൂ,
നീൾമിഴിപൊക്കിച്ചേർന്നു
നില്ക്കുന്നു ദീർഘാപാംഗൻ.

ഞാനുറങ്ങുമിക്കൊച്ചു
വാടകമുറിപോലും
എന്റെ പേക്കിനാക്കൾക്കു
ചിലമ്പുനല്കീടുന്നു
ഞാനിറങ്ങുമീചെറു
കൈവഴിച്ചുണ്ടിൽ പൂത്ത
മുക്കുറ്റിപോലും മുഖം
കോട്ടുന്നു കാലുഷ്യത്താൽ.

ഇവിടെ പ്രഭാതത്തി-
നെന്തൊരു മൗനം,
കിളി ചിലയ്ക്കുന്നില്ലാ,

കാറ്റു ചലിക്കുന്നില്ലാ,
ജനിമൃതികൾക്കൊരേ താളം,
ദിനങ്ങൾക്കൊരേ നിറം.

വെളുക്കെച്ചിരിക്കുന്ന
പൂവിനെയറിയുവാൻ,
വിതുമ്പിപ്പെയ്യും കോട-
ക്കാറിനെയുറക്കുവാൻ,
ഒരു കൺമിഴിയുണ്ടോ?
ഒരു പുഞ്ചിരിയുണ്ടോ?

എനിക്കു ഭയമാണീ
നഗരം മഹാമന്ത്ര-
പ്പെട്ടിയിൽ വിരലൂന്നി-
ക്കൺ ചുവന്നുണരുമ്പോൾ,
ജനിക്കും മുമ്പേ പിഞ്ചു
മക്കളെപ്പകയൂട്ടാൻ,
ചതിയിൽച്ചൂതാടുവാൻ,
നിർദ്ദയം കല്പിക്കുമ്പോൾ,
വെളിച്ചം തുള്ളും സ്വച്ഛ-
വീഥിയിൽ കൺകെട്ടിയ
നമ്മളെത്തമ്മിൽത്തല്ലി
യുതിരാൻ വിട്ടീടുമ്പോൾ!
എനിക്കു ഭയമാണീ
മാന്ത്രികൻ വിരൽഞൊടി-
ച്ചിളകിച്ചിരിച്ചു തൻ
ലീലയിൽ രസിക്കുമ്പോൾ,
ലാക്കുനോക്കിയും
ചിറിതുടച്ചും പരുന്തുകൾ
പട്ടണച്ചന്തക്കു മേൽ
വട്ടമിട്ടുലാത്തുമ്പോൾ,
ചോരവാർന്നൊലിക്കുന്ന
ക്രിസ്തുവും കുഴലൂതും
കണ്ണനും ചതുരംഗ-
ക്കരുക്കൾ നിരത്തുമ്പോൾ!

എന്റെ വീട്ടിലും കരി-

ന്തേളുകളിഴഞ്ഞെത്തി
വാതിലിൽ മുട്ടിക്കട-,
ന്നിരിക്കാൻ വെമ്പീടുന്നു,
കോട്ടകെട്ടിയെൻമനം
കണ്ണടച്ചിരുന്നിട്ടും
തുമ്പിതുള്ളുന്നു, കട്ടും-
തുടികൊട്ടുന്നു കരൾ!
എന്തൊരുൾഭയം
എനിക്കാരുമല്ലാത്തീ
മഹാനഗരം എന്നെ സ്വന്ത-
മാക്കുമീ നിമിഷത്തിൽ!

(1982)

— 24 —

## കരിമ്പാറ

ഇവിടെച്ചതുപ്പെത്തി
നില്ക്കയാ,ണിനി യാത്ര
എങ്ങനെത്തുടരുവാ-
നാരു കൈപിടിക്കുവാൻ?

എനിക്കു മുമ്പേ വന്നു
തമ്പടിച്ചവർ, ഭൂത-
ബാധിതർ, ഭ്രാന്തർ,
നൂറു ഭാഷകൾ പുലമ്പുവോർ,
കൺമിഴിച്ചുഴന്നെട്ടു,-
ത്തവിടെക്കലിയുടെ
വിഷവിത്തുകൾ പാകി-
ക്കല്മഷം വിളയിപ്പൂ!

ആരിനി വഴികാട്ടും?
ദൂരവാനത്തിന്നേക-
താരവും വിരക്തനാ-
യിരവിൽക്കൊഴിഞ്ഞല്ലോ!

എന്നിടം കണ്ണിൽ
വിരലായുന്ന കരിംപൂതം,
ക്രുദ്ധനായ് മലങ്കാറ്റു
ചീറ്റുവോൻ, കല്പിക്കുന്നു:
“ഈവഴി നടക്കുക!
ഞങ്ങൾ തന്നൗദാര്യത്തിൻ
പാദുകമണിഞ്ഞോരേ

പദമായൂതിക്കുക!

കാവ്യഭാവനകളെ-
ച്ചിറകോടെരിക്കുക,
ഈ ജപമന്ത്രങ്ങളെ
മനസ്സിൽ മുറുക്കുക!”
ആരമ്യശിലാമയ-
വീഥിതന്നിരുപുറം
നോക്കരുതത്രേ,
ബലിക്കല്ലിന്റെ
വിലക്കുപാ-
ട്ടേറ്റുപാടരുതത്രേ!
അർത്ഥനാമന്ത്രം ചൊല്ലി
കുനിഞ്ഞേനടക്കണം,
വയ്യ, വയ്യെനിക്കാകെ-
പ്പനിച്ചു വിറയ്ക്കുന്നു!

എൻ വലംകണ്ണിൽ
വിരലൂന്നുന്ന കരിംപൂതം,
ചിരിവറ്റിയ ചിറി
കോട്ടുമീ കരിംപൂതം
ചോരയിൽ ചാമ്പൽ കുഴ-
ച്ചുണ്ണുവാൻ കൊതിപ്പവൻ,
മന്ത്രമി, ല്ലവനൊറ്റ-
പ്പന്തമാണൊരു കയ്യിൽ!

ഞാനുമപ്പന്തം പക-
ർവന്നനോടൊപ്പം
യാഗനിയമം തെറ്റീ
സർപ്പസത്രമാചരിക്കണം,
വിതയ്ക്കാത്തതു കൊയ്തു
കൊയ്തൊടുക്കുവാൻ,
ചുട്ടുചാമ്പലാക്കുവാൻ
സിംഹകാഹളം മുഴക്കണം!

എനിക്കുവയ്യെ, ന്നാത്മ-
ശാഖിയിൽ ചേക്കേറുന്ന
തത്തകൾ, മുഖംനോക്കി

ലക്ഷണം പറയുന്ന
തത്തകൾ വിലക്കുന്നു:
"ഈവഴി നടക്കൊലാ!"

പിൻ തിരിയവേ, തീരെ-
ക്കറുത്തു മുരടിച്ച
പനിച്ച തുള്ളും കരി-
മ്പാറയായ് മാറുന്നു ഞാൻ!

(1986)

# ലളിതാ ലെനിൻ



മലയാളത്തിലെ ഒരു കവയിത്രിയാണ് **ലളിതാ ലെനിൻ**. കേരള സർവകലാശാലയിലെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു.

1946-ൽ തൃശ്ശൂർ ജില്ലയിലെ തൃതല്ലൂരിൽ ജനിച്ചു. കേരള സർവകലാശാലയിൽ നിന്നും രസതന്ത്രം, ലൈബ്രറി സയൻസ് എന്നീ വിഷയങ്ങളിൽ ബിരുദം നേടി. 1976-ൽ മൈസൂർ സർവ്വകലാശാലയിൽ നിന്നും ലൈബ്രറി സയൻസ് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഒന്നാം റാങ്കും ഡോ. എസ്.ആർ. രംഗനാഥൻ സ്വർണ മെഡലും കരസ്ഥമാക്കി. 1977-ൽ പീച്ചിയിലെ വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ചു. 1979-ൽ കേരള സർവകലാശാലയിൽ അധ്യാപികയായി ജോലി ലഭിച്ചു. 1990 മുതൽ 1995 വരെ ലൈബ്രറി സയൻസ് വിഭാഗം മേധാവിയായിരുന്നു. 2006 മാർച്ച് 31-ന് ജോലിയിൽ നിന്നും വിരമിച്ചു.

## 1 കൃതികൾ

- കരിങ്കിളി (കവിത)
- കർക്കിടവാവ് (കവിത)
- നമുക്കു പ്രാർത്ഥിക്കാം (കവിത)
- കടൽ (കവിത)
- സമാഹരിക്കാത്ത കവിതകൾ (കവിത)
- മിന്നു (കുട്ടികൾക്കായുള്ള നോവൽ)

## 2 പുരസ്കാരങ്ങൾ

- ബാലസാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം (1986)

- അബുദാബി ശക്തി അവാർഡ് (1996)
- മൂലൂർ പുരസ്കാരം (2001)

SAYAHNA • FOUNDATION

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.